**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ(ഡി.സി.)വകുപ്പ്**

നം. 43742/ഡി.സി.3/2010/തസ്വഭവ                    തിരുവനന്തപുരം, തീയതി: 07.07.2010

## സർക്കുലർ

വിഷയം:– തദ്ദേശസ്വയം ഭരണ വകുപ്പ് – തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തൽ– പരിഷ്ക്കരിച്ച മാർഗനിർദ്ദേശങ്ങൾ സംബന്ധിച്ച്

സൂചന:–
1. സർക്കുലർ നമ്പർ. 9541/ഡി.പി.1/05/തസ്വഭവ; തീയതി 21.01.2006
2. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ചീഫ് എഞ്ചിനീയറുടെ (കമേഴ്സ്യൽ & താരിഫ്) 02.11.2009–ലെ KSEB/TRAC/Street Light/07/715 നമ്പർ കത്ത്.

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സൂചന ഒന്ന് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറിൽ എനർജി മീറ്ററുകൾ, മീറ്റർ ബോക്സ്, കണക്ടിംഗ് വയർ, ഫ്യൂസ്, തുടങ്ങിയവ ഉൾപ്പെടെ മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനങ്ങൾ വഹിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മീറ്ററിംഗ് സംവിധാനത്തിനുവേണ്ട ചെലവിന്റെ 50 ശതമാനം കേരള സംസ്ഥാന വൈദ്യുതി ബോർഡ് വഹിക്കുന്നതാണെന്ന് വൈദ്യുതി ബോർഡ് ചീഫ് എഞ്ചിനീയർ (കമേഴ്സ്യൽ & താരിഫ്) സൂചന രണ്ട് പ്രകാരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ സൂചന 1 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദ്ദേശങ്ങൾ സർക്കാർ ചുവടെ വിവരിക്കുന്നത് പ്രകാരം പരിഷ്ക്കരിക്കുന്നു.

2. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ ആദ്യപടിയായി എല്ലാ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും ഇത് സംബന്ധിച്ച് തീരുമാനമെടുക്കേണ്ടതാണ്. തുടർന്ന് മീറ്ററിംഗ് പോയിന്റുകളുടെ സ്ഥാനം, ഓരോ പോയിന്റിൽ നിന്നും നിയന്ത്രിക്കാവുന്ന വിളക്കുകളുടെ എണ്ണം എന്നിവ തദ്ദേശഭരണ സ്ഥാപനവും വൈദ്യുതി ബോർഡിന്റെ ബന്ധപ്പെട്ട സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറും സംയുക്തമായി നിർണ്ണയിക്കണം. ഊർജ്ജമേഖലാ വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടുകൂടി തദ്ദേശഭരണ സ്ഥാപനത്തിന് ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കാവുന്നാതാണ്.

3. മീറ്റർ, മീറ്റർ ബോക്സ്, ഫ്യൂസ്, കൺട്രോൾ സ്വിച്ച്, കണക്ടിംഗ് വയർ മുതലായവ അടങ്ങിയതാണ് മീറ്ററിംഗ് സംവിധാനം. എത്ര പോയിന്റുകളിലാണ് മീറ്റർ സ്ഥാപിക്കേണ്ടതെന്ന് നിശ്ചയിച്ചു കഴിഞ്ഞാൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയറോട് രേഖാമൂലം ആവശ്യപ്പെടണം.

4. വാർഷിക പദ്ധതിയുടെ ഭാഗമായി മാത്രമേ പ്രവൃത്തി നടപ്പാക്കാൻ പാടുള്ളൂ. ഈ സർക്കുലറിന്റെ തീയതി മുതൽ ആറ് മാസത്തിനകം മീറ്ററിംഗ് സമ്പ്രദായത്തിലേയ്ക്ക് മാറുന്ന തദ്ദേശഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം എസ്റ്റിമേറ്റ് തുകയുടെ 50 ശതമാനം വൈദ്യുതി ബോർഡ് വഹിക്കുന്നതാണ്. ബാക്കി 50 ശതമാനം മാത്രം തദ്ദേശഭരണ സ്ഥാപനം വഹിച്ചാൽ മതിയാകും. ആറ് മാസക്കാലാവധിക്ക് ശേഷം മീറ്ററിംഗ് സമ്പ്രദായത്തിലേയക്ക് മാറുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് തുക പൂർണ്ണമായും അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടതാണ്. ചെലവ് വഹിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വികസന/തനത്/ജനറൽ പർപ്പസ് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

5. വൈദ്യുതി ബോർഡ് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തിയായി വേണം പ്രോജക്ട് നടപ്പാക്കേണ്ടത്. തുക ഡെപ്പോസിറ്റ് ചെയ്തു കഴിഞ്ഞാൽ കഴിവതും വേഗം പ്രവൃത്തി നടപ്പാക്കുവാൻ വൈദ്യുതി ബോർഡ് ശ്രമിക്കേണ്ടതാണ്.

6. മീറ്റർ റീഡിംഗ് എടുക്കുന്നതിനും ഓൺ ഓഫ് സ്വിച്ച് പ്രവർത്തിപ്പിക്കുന്നതിനും സൗകര്യപ്രദമാകും വിധം സർവീസ് പോസ്റ്റിൽ തറനിരപ്പിൽ നിന്നും 1.5 മീറ്റർ ഉയരത്തിൽ ആയിരിക്കണം മീറ്റർ സ്ഥാപിക്കേണ്ടത്.

7. മീറ്റർ സ്ഥാപിച്ചു കഴിഞ്ഞാൽ ഓൺ ഓഫ് സ്വിച്ച് പ്രവർത്തിപ്പിക്കേണ്ട ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനത്തിനായിരിക്കും. തദ്ദേശഭരണ സ്ഥാപനം ഇതിന് ചുമതലക്കാരെ നിശ്ചയിച്ചു നൽകേണ്ടതാണ്.

8. തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വന്തം ചെലവിൽ തെരുവുവിളക്കുകൾ സ്ഥാപിച്ച് മെയിന്റനൻസ് നടത്തുകയാണെങ്കിൽ വൈദ്യുതി നിരക്ക് ഒരു യൂണിറ്റിന് 90 പൈസയും ഓരോ മീറ്ററിനും ഫിക്സഡ് ചാർജ്ജ് പ്രതിമാസം 12 രൂപയും ആയിരിക്കും.

9 ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേകം കൺസ്യൂമർ നമ്പർ നൽകുകയും തുടർന്ന് സ്പോട്ട്ബില്ലിംഗ് സമ്പ്രദായം നടപ്പാക്കുകയും ചെയ്യുന്നതാണ്.

**എസ്.എം.വിജയാനന്ദ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പ്രിൻസിപ്പൽ സെക്രട്ടറി, ഊർജ്ജവകുപ്പ്
8 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
9 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
10 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
11 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
12 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
13 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
14 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
15 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
17 ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതിബോർഡ്
18 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
19 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
20 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ–ഓർഡിനേറ്റർമാർക്കും
21 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
22 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
23 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
24 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
25 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
26 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
27 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
28 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
30 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
31 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
32 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:–

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്